# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5637 — 18.11.2019 - ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ രണ്ടാം ഗ്രേഡ് നഴ്സ് (ഹെൽത്ത്) റാങ്ക് ലിസ്റ്റ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിലെ രണ്ടാം ഗ്രേഡ് നഴ്സ് (ഹെൽത്ത്) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സം വകുപ്പ് തലത്തിൽ നിലനില്ക്കുന്നുണ്ടോ; | (എ) | ഉദ്യോഗാർത്ഥികളെ പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് തടസ്സങ്ങൾ നിലവിലില്ല. |
| (ബി) | നിരവധി ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടും അധികൃതർ ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | സ്റ്റാഫ് നേഴ്സ് ഗ്രേഡ് - 2 വിന്റെ 40 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഈ ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിച്ച മറ്റ് ജില്ലകളിലെ ലിസ്റ്റുകളിൽ നിന്നും നിരവധി പേരെ നിയമിച്ചിട്ടും കാസർഗോഡ് ജില്ലയിൽ മാത്രം ആരെയും നിയമിക്കാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 40 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 3 സ്റ്റാഫ് നേഴ്സ്മാർക്കാണ് പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിച്ചത്. ഇതിൽ ഒരാൾ മാത്രമാണ് സേവനത്തിൽ പ്രവേശിച്ചത്. ബാക്കി 2 ഒഴിവുകൾ എൻ.ജെ.ഡി. ആയി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൻ.ജെ.ഡി.ഒഴിവ് ഉൾപ്പെടെ 39 പേർക്ക് പി.എസ്.സി യിൽ നിന്നും ശുപാർശ ലഭിക്കാനുണ്ട്. |

Milan

സെക്ഷൻ ഓഫീസർ